## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3144 — 3/4/2013 - ൽ മറുപടിയ്ക്ക്

# നെൽവയലുകൾ നികത്തൽ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | **ശ്രീ. കെ.പി. മോഹനൻ** (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) പാലക്കാട് ജില്ലയിൽ വ്യാപകമായി നെൽവയലുകൾ നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) നെൽവയലുകൾ നികന്നതിനെതിരെ എന്തെല്ലാം നടപടികൾ ആണ് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി നെൽവയലുകളോ, തണ്ണീർത്തടങ്ങളോ പരിവർത്തനം ചെയ്യുന്ന കേസ്സുകളിൽ കൃഷി ഓഫീസർമാർ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് റിപ്പോർട്ട് നൽകി വരുന്നു. ഇത്തരം കേസ്സുകളിൽ നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ഉൾപ്പെടെയുള്ള കർശനനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ എടുക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ; | (സി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്നതിനു ശേഷം 2430 കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതിനായി കൃഷി ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

ഇത്തരത്തിൽ ലഭിച്ചിട്ടുള്ള എല്ലാ കേസ്സുകളിലും സ്റ്റോപ്പ് മെമ്മോ നൽകി പ്രവർത്തി തടഞ്ഞിട്ടുണ്ട്. കൂടാതെ നിയമത്തിലെ സെക്ഷൻ 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികളും ജില്ലയിൽ സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) തരിശായി കിടക്കുന്ന നെൽ വയലുകളുടെ ഉടമസ്ഥന്മാർക്കെതിരെ 2011-13 കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൽ എത്ര തരിശു നെൽപ്പാടങ്ങളിൽ കൃഷിയിറക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

(ഡി) തരിശായി കിടക്കുന്ന നെൽവയലുകൾ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 15 പ്രകാരം കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ ജില്ലയിൽ 69.4186 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 177.86 ഹെക്ടർ സ്ഥലത്ത് മറ്റ് വിളകളും (പച്ചക്കറി മുതലായവ) കൃഷി ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ